(സി, ഡി, ഇ, എഫ്, ജി) ജില്ലാ കൃഷി ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ഭാരിച്ച സാമ്പത്തിക ബാദ്ധ്യതകളുണ്ട്. അതുകൊണ്ട് പുതിയ ജില്ലാ ഫാമുകൾ ഉടനടി സ്ഥാപിക്കുന്നതിന് ഇപ്പോൾ ഉദ്ദേശമില്ല. ഉള്ള കൃഷിഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ശ്രമിച്ചുവരികയാണ്.

പുതിയ മജിസ്ട്രേട്ടു കോടതികൾ

* 304. [363] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഹൈക്കോടതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എത്ര മജിസ്ട്രേട്ടു കോടതികൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് മജിസ്ട്രേട്ടു കോടതികൾ തുറക്കാൻ ഹൈക്കോടതി ശുപാർശ ചെയ്തിട്ടുള്ളത് ;

(സി) ഈ വർഷം ഏതെല്ലാം സ്ഥലങ്ങളിൽ പുതുതായി മജിസ്ട്രേട്ടു കോടതികൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) പന്ത്രണ്ടു പുതിയ മജിസ്ട്രേട്ടു കോടതികൾ തുടങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(സി) സാമ്പത്തിക പരിമിതി കാരണം നടപ്പു സാമ്പത്തിക വർഷത്തിൽ പുതിയ കോടതികൾ തുടങ്ങുന്ന കാര്യം പ്രയാസമാണ്.

മലക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

* 305. [364] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ജില്ലാ കൃഷിത്തോട്ടങ്ങളിൽ നിന്നും നല്ലയിനം പച്ചക്കറി വിത്തുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക, നഗരങ്ങളിലും സമീപപ്രദേശങ്ങളിലും വിത്ത്, തൈകൾ തുടങ്ങിയവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക, മേൽത്തരം വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിന് തെരഞ്ഞെടുത്ത കൃഷിക്കാർക്ക് സാമ്പത്തികമായി പ്രോൽസാഹനം നൽകുക, ശീത കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ വിത്ത് ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക, വിദ്യാർത്ഥികളെ പച്ചക്കറി കൃഷിയിൽ തൽപ്പരരാക്കുന്നതിനുവേണ്ടി വിദ്യാലയ പരിസരങ്ങളിൽ മാതൃകാതോട്ടങ്ങൾ ആരംഭിക്കുക, വിദ്യാർത്ഥികൾക്ക് വിത്തും വളവും സൗജന്യമായി വിതരണം ചെയ്യുക തുടങ്ങിയ ഹരിപാടികളാണ് പരിഗണനയിലുള്ളത്.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly